പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2908 — 12.10.2011- ൽ മറുപടിയ്ക്ക്

## കാർഷിക കടാ ശ്വാസ നിയമപ്രകാരം തീർപ്പാക്കിയ അപേക്ഷകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | ശ്രീ. കെ.പി. മോഹനൻ (ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) 2006-ലെ കാർഷിക കടാശ്വാസ നിയമപ്രകാരം രൂപീകരിക്കപ്പെട്ട കടാശ്വാസ കമ്മീഷൻ മുൻപാകെ കടാശ്വാസത്തിനായി എത്ര അപേക്ഷകളാണ് നാളിതുവരെ പരിഗണനയ്ക്കു വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷനിൽ കടാശ്വാസത്തിനായി അപേക്ഷ നൽകാനുള്ള നിശ്ചിത സമയപരിധിയായ 31.5.2009 നകം 4,10,549 അപേക്ഷകൾ ആകെ ലഭിച്ചിട്ടുണ്ട്. |
| ബി) ഇതിൽ എത്ര അപേക്ഷകൾ തീർപ്പു കൽപിച്ച് കടാശ്വാസം അനുവദിച്ചു നൽകിയെന്നു വ്യക്തമാക്കുമോ; | ബി) 31.7.2011 വരെ 1,84,123 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. |
| സി) പദ്ധതി മുഖേന കർഷകർക്കു എന്ത് തുകയുടെ കടാശ്വാസം ആകെ ലഭ്യമാക്കിയെന്നു വ്യക്തമാക്കുമോ; | സി) കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് /സംഘങ്ങൾക്ക് നൽകിയ അവാർഡുകളുമായി ബന്ധപ്പെട്ട് സഹകരണസംഘം രജിസ്ട്രാർക്ക് നൽകിയിട്ടുള്ള 50,67,57,891/- രൂപയിൽ 41,54,09,484/- രൂപ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിലെ ഒരേക്കറിൽ കവിയാതെ സ്വന്തമായോ മറ്റ് വിധത്തിലോ കൃഷി ഭൂമിയുള്ള കർഷകർ 30.6.2006 വരെ എടുത്തിട്ടുള്ള 25000/- രൂപ വരെയുള്ള കാർഷിക കടങ്ങളുടെ ബാധ്യത കമ്മീഷൻ ശിപാർശ ചെയ്യതനുസരിച്ച് ഏറ്റെടുത്ത വകയിൽ 14,38,45,120/- രൂപ അർഹതപ്പെട്ട സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. |
| ഡി) നടപ്പു സാമ്പത്തിക വർഷം കാർഷിക കടാശ്വാസത്തിനായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഡി) നടപ്പു സാമ്പത്തിക വർഷം കർഷക കടാശ്വാസത്തിനായി 8 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ